LIBRARY ARCHIVES Kerala Legislative Assembly

## ചെറുകുന്ന് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം

358 (1443) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് മുഖേന 165 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ഹൈസ്കൂൾ സ്റ്റേഡിയത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ഹൈസ്കൂൾ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി കനത്ത മഴകാരണം മന്ദഗതിയിലായിരുന്നു. എന്നാൽ ഇപ്പോൾ മഴ കുറഞ്ഞതുകാരണം പ്രവൃത്തി ത്വരിതഗതിയിൽ നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തി 2016 ആഗസ്റ്റോടുകൂടി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കുറ്റ്യാടി മണ്ഡലത്തിലെ മരാമത്ത് പ്രവർത്തനം

359 (1444) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പ്രവർത്തനം ആരംഭിച്ചതുമായ മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും സാങ്കേതികാനുമതി ലഭിക്കാത്ത പ്രവൃത്തികൾ എത്രയുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഏതൊക്കെ ആണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കെട്ടിടവിഭാഗത്തിന് കീഴിൽ വട്ടോളി ഗവ. യു.പി. സ്കൂൾ, പൈങ്ങോട്ടായി ഗവ. യു.പി. സ്കൂൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* മേശപ്പുറത്ത് വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-15 ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ തിക്കുനി-കറ്റ്യാടി റോഡിൽ കി.മീ 15/000-നും 17/225-നും ഇടയ്ക്കുള്ള പരിഷ്കരണ പ്രവൃത്തിക്കും ബി.എം. & ബി.സി. പ്രവൃത്തിക്കും സാങ്കേതികാനുമതി നൽകിയിട്ടില്ല. നിരത്തു വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറിൽനിന്നും എസ്റ്റിമേറ്റ് ലഭിക്കാത്തതു കൊണ്ടാണ് സാങ്കേതികാനുമതി നൽകാത്തത്.

(സി) മണിയൂർ ഗവ. എച്ച്.എസ്.എസ്. കെട്ടിടത്തിന്റെ പ്രവൃത്തി, വില്യാപ്പള്ളി ആയഞ്ചേരി റോഡിൽ കി.മീ. 1/650-നും, 5/325 വരെ ഉപരിതലം പുതുക്കലും പരിഷ്കാര പ്രവൃത്തികളും, കുട്ടോത്ത് - തട്ടുകണ്ട് കടവ് റോഡിൽ കി.മീ. 0/000-നും 12/070-നും ഇടയിലുള്ള ലാന്റ് അക്വിസിഷൻ പ്രവൃത്തികളും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

## വാക്കയിൽ പാലത്തിന്റെ നിർമ്മാണം

360 (1445) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ വാക്കയിൽ പാലത്തിന്റെ നിർമ്മാണത്തിന് എത്ര രൂപയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നത്;

(ബി) പ്രസ്തുത പാലത്തിന്റെ നിർമാണത്തോടനുബന്ധിച്ച് ഇൻവെസ്റ്റിഗേഷനും സോയിൽ ടെസ്റ്റിനുമായി ചെലവഴിച്ചത് എത്ര രൂപയാണ്; ഇത് ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നാണോ ഉപയോഗിച്ചിട്ടുള്ളത്;

(സി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം എത്ര രൂപയാണ് പ്രസ്തുത പാലത്തിന്റെ നിർമ്മാണ ചെലവ്;

(ഡി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പാലത്തിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വാക്കയിൽ പാലം നിർമ്മിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുകയിൽനിന്നും ഇൻവെസ്റ്റിഗേഷനും, മണ്ണുപരിശോധനയ്ക്കുമായി 819922 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി&ഡി) പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നതേയുള്ളൂ. പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമായ ശേഷം ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.